# ദേശീയ അവയവദാന ദിനം 2025: പോസ്റ്റർ ഡിസൈൻ മത്സരം

## "ജീവനേകാം ജീവനാകാം"

ദേശീയ അവയവദാന ദിനമായ ഓഗസ്റ്റ് 3-നോടനുബന്ധിച്ച്, കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (K-SOTTO) കോളേജ് വിദ്യാർത്ഥികൾക്കും പ്ലസ് വൺ- പ്ലസ്ടു വിദ്യാർത്ഥികൾക്കുമായി ഒരു പോസ്റ്റർ ഡിസൈൻ മത്സരം സംഘടിപ്പിക്കുന്നു. **‘ജീവനേകാം ജീവനാകാം’ എന്നതാണ്** പോസ്റ്റർ ഡിസൈനിങ്ങിനുള്ള വിഷയം. ജീവൻ രക്ഷിക്കുന്നതിനും പ്രതീക്ഷ നൽകുന്നതിനും അവയവദാനം എത്രത്തോളം പ്രധാനമാണെന്ന് പോസ്റ്ററുകളിലൂടെ വരച്ചുകാട്ടാവുന്നതാണ്. പൊതുസമൂഹത്തിൽ, പ്രത്യേകിച്ച് യുവതലമുറയിൽ, അവയവദാനത്തിന്റെ പ്രാധാന്യത്തെയും ആവശ്യകതയെയും കുറിച്ച് ശക്തമായ അവബോധം സൃഷ്ടിക്കുക എന്നതാണ് മറ്റൊരു പ്രധാന ലക്ഷ്യം.

മത്സരത്തിൽ കേരളത്തിലെ പ്ലസ് വൺ- പ്ലസ്ടു വിദ്യാർത്ഥികൾ മുതൽ കോളേജ് വിദ്യാർത്ഥികൾക്ക് വരെ പങ്കെടുക്കാം. വിജയികളാകുന്നവർക്ക് ആകർഷകമായ സമ്മാനം ഉണ്ടായിരിക്കും. മത്സരത്തിൽ ഒന്നാം സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുന്ന വ്യക്തിക്ക് 8,000 രൂപയും രണ്ടാം സ്ഥാനം 6,000 രൂപയും മൂന്നാം സ്ഥാനം 4,000 രൂപ എന്നിങ്ങനെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ലഭിക്കും. സമ്മാനാർഹരായ മത്സരാർത്ഥികളെ ദേശീയ അവയവദാന ദിനമായ ഓഗസ്റ്റ് മൂന്നിന് കെ-സോട്ടോയുടെ സോഷ്യൽ മീഡിയാ പേജുകളിലൂടെ പ്രഖ്യാപിക്കും. തെരഞ്ഞെടുത്ത പോസ്റ്ററുകൾ കെ-സോട്ടോയുടെ ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം പേജുകളിൽ പ്രസിദ്ധീകരിക്കും. താൽപ്പര്യമുള്ള മത്സരാർത്ഥികൾ പോസ്റ്റർ ഡിസൈനുകൾ 2025 ജൂലൈ 30-നകം ed.ksotto@gmail.com എന്ന ഇ-മെയിൽ ഐഡിയിലേക്ക് അയച്ചു നൽകണം.

<u>**നിബന്ധനകൾ (മത്സര നിയമാവലി)**</u>

**മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാവരും താഴെ പറയുന്ന നിബന്ധനകൾ നിർബന്ധമായും പാലിച്ചിരിക്കണം:**

- പോസ്റ്റർ സൈസ്: 18 X 24 Inches (Potrait)
- പോസ്റ്ററുകൾ RGB കളർ മോഡിൽ, 300 റെസല്യൂഷനിൽ (300 DPI) ആയിരിക്കണം. ഫോട്ടോഷോപ്പ്, ഇല്ലുസ്ട്രേറ്റർ പോലുള്ള ഏതെങ്കിലും ഡിജിറ്റൽ ഡിസൈൻ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച്

തയ്യാറാക്കാവുന്നതാണ്.

- പോസ്റ്ററുകൾ **JPEG, PNG,** അല്ലെങ്കിൽ **PDF** ഫോർമാറ്റുകളിലായി അയക്കുക.
- മത്സരാർത്ഥികൾ **K-SOTTO**-യുടെ ഔദ്യോഗിക ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം പേജുകൾ **(Keralasotto)** നിർബന്ധമായും പിന്തുടരുന്ന ആളായിരിക്കണം. മത്സരഫലങ്ങൾ, മത്സരവുമായി ബന്ധപ്പെട്ട പ്രധാന അറിയിപ്പുകൾ എന്നിവയെല്ലാം ഈ പേജുകളിലൂടെയാണ് പങ്കുവെക്കുക.
- ഒരാൾക്ക് ഒരു പോസ്റ്റർ മാത്രമേ മത്സരത്തിനായി സമർപ്പിക്കാൻ അനുവാദമുള്ളൂ.
- സമർപ്പിക്കുന്ന പോസ്റ്ററുകൾ മത്സരാർത്ഥി സ്വന്തമായി തയ്യാറാക്കിയതും മറ്റെവിടെയും പ്രസിദ്ധീകരിക്കാത്തതുമായിരിക്കണം.
- പോസ്റ്റർ ദേശീയ അവയവദാന ദിനത്തിന്റെ വിഷയവുമായി ("ജീവനേകാം ജീവനാകാം") നേരിട്ട് ബന്ധമുള്ളതായിരിക്കണം.
- ഏതെങ്കിലും മതപരമോ രാഷ്ട്രീയമോ ആയ വിഷയങ്ങളോ, വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ മാന്യതയ്ക്ക് കളങ്കം ഉണ്ടാക്കുന്നതോ, പ്രകോപനപരമോ ആയ ചിത്രീകരണങ്ങളോ, അല്ലെങ്കിൽ മറ്റൊരാളെ വ്യക്തിപരമായി ആക്രമിക്കുന്ന ഉള്ളടക്കമോ പോസ്റ്ററിൽ ഉൾപ്പെടുത്താൻ പാടില്ല. അത്തരം പോസ്റ്ററുകൾ അയോഗ്യത കൽപ്പിച്ച് ഒഴിവാക്കുന്നതാണ്.
- പോസ്റ്ററിലെ വാചകങ്ങൾ മലയാളത്തിലോ ഇംഗ്ലീഷിലോ ആയിരിക്കണം.
- പോസ്റ്ററുകൾ ഇമെയിൽ ചെയ്യുമ്പോൾ, അതോടൊപ്പം നിങ്ങളുടെ പേര്, ക്ലാസ്/കോളേജ്, പൂർണ്ണ വിലാസം, ഫോൺ നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തണം.
- മത്സരത്തിനുള്ള പൂർണ്ണമായുള്ള നിയന്ത്രണവും അന്തിമ തീരുമാനങ്ങളും **K-SOTTO**-യ്ക്ക് മാത്രമായിരിക്കും.
- മത്സരത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് **ksotto.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. **0471-2528658, 2962748** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**Signed by Noble Gracious S S**
**Date: 11-07-2025 18:16:05**